## പതിമൂന്നാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1207 — 13.06.2013-ൽ മറുപടിയ്ക്ക്

### മോണോറെയിൽ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.എളമരം കരീം** | | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്** (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) | കോഴിക്കോട് മോണോറയിൽ പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണ്; | (എ) | കോഴിക്കോട് മോണോ റയിൽ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഡി.എം.ആർ.സി. തയ്യാറാക്കിയത് സർക്കാർ അംഗീകരിച്ച് 09.10.2012-ലെ ജി.ഒ. (എം.എസ്) നം. 72/2012/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി കേരള മോണോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ച് കഴിഞ്ഞു. പദ്ധതിയുടെ ജനറൽ കൺസൾട്ടന്റായി ഡി.എ.ആർ.സിയെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | ഈ പദ്ധതിക്കുള്ള സ്ഥലമെടുപ്പ് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പുരോഗതി അറിയിക്കുമോ; | (ബി) | പദ്ധതിക്കുള്ള സ്ഥലമെടുപ്പിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | മോണോറയിൽ പദ്ധതിക്ക് കഴിഞ്ഞ ബജറ്റിൽ എന്ത് തുകയാണ് നീക്കി വച്ചിരുന്നത്; ഈ തുക ചെലവഴിക്കുക യുണ്ടായോ; | (സി) | പദ്ധതിക്ക് കഴിഞ്ഞ ബജറ്റിൽ 20 കോടി രൂപ നീക്കി വച്ചിരുന്നു. എന്നാൽ ഈ തുക ചെലവഴിച്ചിട്ടില്ല. |
| (ഡി) | നിർദ്ദിഷ്ട പദ്ധതി എന്ന് ആരംഭിച്ച് എപ്പോൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; ഇതിനാവശ്യമായ ഫണ്ട് എങ്ങിനെയാണ് സ്വരൂപിക്കുന്നത് ; വിശദമാക്കുമോ ? | (ഡി) | പദ്ധതി ഈ സാമ്പത്തിക വർഷം ആരംഭിച്ച് 3 വർഷം കൊണ്ട് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനാവശ്യമായ പദ്ധതി ചെലവിന്റെ 20% കേന്ദ്ര സർക്കാരിന്റെ ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്നതിനായി ശുപാർശ സമർപ്പിച്ചിട്ടുണ്ട്. 20% സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്. ബാക്കി 60%, പദ്ധതിയുടെ നിർമ്മാണ കമ്പനികൾ വഴിയും മറ്റ് ധനകാര്യ സ്ഥാപനങ്ങൾ വഴിയും സമാഹരിക്കുവാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ